61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

61-ാമത് കേരള സ്കൂൾ കലോത്സവം 2023 ജനുവരി 3 - 7 കോഴിക്കോട്

Item Code: 950 Participant Code: 113

വിഷയം: അവൻ/അവൾ ആരായിരുന്നു?

# കൊത്ത്

ഇരുട്ടിനെ കീറിമുറിച്ചുകൊണ്ട് ട്രെയിൻമെല്ലെ നീങ്ങിത്തുടങ്ങി.
ആരുടെയൊക്കെയോ ഉള്ളിലെ ഏടുകളേറ്റ് തുടക്കങ്ങൾ അത് ചൂളംവിളി
തള്ളിക്കൊണ്ടിരുന്നു. ആട്ടം കഴിഞ്ഞ പൊട്ടൻതെയ്യത്തിന്റെ അമർച്ച
പോലെ വളരെ പെട്ടെന്നാണ് ആ ശബ്ദം സാറയുടെ കാതുകളെ
കീറിമുറിച്ചത്. "മാറമ്മാ തൃക്കിലേക്കായാച്ചാ"? ഇരുനൂറി
എഴുപതഞ്ചോളം നീറിന്റെ ട്രോക്കണും പിടിച്ച് പഴയമാമ്പനു-
ള്ള ഒരു മഞ്ഞസാരിയുടുത്തൊരു തമിഴത്തി സാറയുടെ മുന്നിൽ
ഏറെ പരിഭ്രമത്തോടെ നിൽക്കുന്നു. പെയ്തുതീരാത്ത മഴ
പോലെ പാത്രങ്ങളും എങ്ങോ കുടഞ്ഞിട്ട് അവൾ വേഗം
നിലത്തെറിഞ്ഞുകൊടുത്തു. രണ്ടോ മൂന്നോ മണിയരിച്ചകൾ
പൊന്തിയുന്ന കുഴിനവും ഒപ്പുപിടിക്കാൻ ആ സ്ത്രീ
നന്നേ പാടുപെട്ടു. അവരുടെ മഞ്ഞസാരിയിൽ എംബ്രോയിഡറി
ചെയ്ത വെള്ള ഇലകൾ വെട്ടേറ്റു വീണ മരത്തിന്റെ ഇലകൾ
പോലെ താണുപോയിട്ടു. അവ വായപിളർന്ന മഞ്ഞലങ്ങളെ
തോന്നിയിരുന്നു. അവരുടെ ഇരുട്ടുപിടിച്ച പല്ലുകൾ

(Note: Graded Items may be published in Schoolwki. So write neatly. Don't fold paper. Don't write overleaf)

വിറത്തുതൂങ്ങിയ ചുണ്ടുകളിൽ നിന്നും മെല്ലെ പുറത്തേക്കുന്തി വന്നു. അപരിചിതരുടെ ആയിരം ചോദ്യങ്ങളിൽ വീണുരുളാതിരിക്കാൻ സാറ പുറത്തേക്ക് നോട്ടമുറപ്പിച്ചു. അമ്മയുടെ കരിമ്പടത്തുണിയിലെ കരി മുഴുവൻ ആകാശത്തെ കാർമേഘങ്ങളിൽ വ്യാപിച്ചുതുടങ്ങി. ആ കറുപ്പുമുഴുവൻ തന്റെ ശരീരത്തിലേക്ക് ഇറങ്ങുന്നതുപോലെ അവൾക്ക് തോന്നി. തുരുമ്പിച്ച ജനലഴിയിലേക്ക് അവൾ തന്റെ മുഖമമർത്തി. "അമ്മാ.... എങ്കെ പോറത്?" വാർധക്യത്തിന്റെ വേരുകൾ ഒട്ടിപിടിച്ച അവരുടെ മുഖം പെട്ടെന്ന് ധാർഷ്ട്യത്തിന്റെ തീക്ഷ്ണതയിൽ ചുവന്നുതുടുത്തു. "മംഗലാപുരം." "ഞാ... ഞാൻ വന്ത് തിരുപ്പതി." ചോദ്യ~~ങ്ങ~~ മുനകൾക്കായി കാത്തിരിക്കുന്ന ആ മുഖത്തേക്ക് അവൾ വെറുതെയെന്നോണം ചോദിച്ചു: "എന്തിന് പോകുന്നു"? "എനിക്ക് ഒരു മകളുണ്ട്. ലക്ഷ്മി. കള്ള് കുടിച്ച് വന്ന മരുമോൻ അവളെ ഉപദ്രവിച്ച്. അവളിപ്പോൾ ആശുപത്രിയിലാ..... ഇപ്പോൾ വന്ത് ലക്ഷ്മിയെ പാക്കാൻ പോറത്." ഒരു വലിയ കാർമേഘം അവരുടെ കണ്ണുകളിൽ നിന്നും ഉയർന്നിറങ്ങി. അതൊരു വെള്ളച്ചാലായി കവിളുകളിൽ ഒട്ടിപിടിച്ചു. സാറ സീറ്റിൽ അമർന്നിരുന്നു. ഒരു തുള്ളി കണ്ണീരു പോലും വരാത്ത വിധം അവളുടെ കണ്ണുകളിലെ

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

കിണറുകൾ വറ്റിയിരിക്കുന്നു. ചായ... വട... പുറത്തെ ആസാമിക്കാരന്റെ ശബ്ദം സാറയെ ചിന്തകളിലേക്ക് കുടഞ്ഞിട്ടു തുടങ്ങി. ഓർമ്മകൾ അവളെ വേട്ടയാടിക്കൊണ്ടിരുന്നു. അവ തവളകളെപ്പോലെ ദേഹത്ത് പറ്റിപ്പിടിച്ചു തുടങ്ങിയിരിക്കുന്നു. പിന്നീടത് എണ്ണമറ്റ തവളകളായി.

പേര് സാറ. വയസ് 21. താളിലെയൊരു പാസ്പോർട്ട് സൈസ് ഫോട്ടോ കണ്ടപ്പോൾ തന്നെ അയാൾക്കിഷ്ടമായി. കെട്ട്യോൻ ചത്തിട്ട് തനിക്കാരുമില്ലെന്ന ഉമ്മയുടെ മാത്രമായിരിക്കാം അമ്മച്ചിയെ ഇത്ര പെട്ടെന്നൊരു കല്യാണത്തിന് നിർബന്ധിച്ചത്. വെള്ളവും ചാരവുമിട്ടു കഴുകിയ രണ്ടോ മൂന്നോ സ്റ്റീൽ ഗ്ലാസുകൾ ഒതുക്കിപിടിച്ച ട്രേയും നാലോ അഞ്ചോ അരിയുണ്ടകളുമെടുത്ത് അവൾ ഉമ്മറത്തേക്ക് നീങ്ങി. അകത്തെ വെളിച്ചത്തിൽ നിന്നും പുറത്തെ ഇരുട്ടിലേക്ക് കാലടികൾ വെക്കാൻ അവൾ മടിച്ചുകൊണ്ടിരുന്നു.

ജോൺ ജേക്കബ്. പ്രായം 27. അയാളുടെ നീണ്ടുവളഞ്ഞ പുരികക്കൊടികൾ കണ്ണും ഒരു നിഗൂഢതയായിരുന്നു. ചെറുതായി തുടുത്ത ചുണ്ടുകളിൽ എന്തോ ഒളിപ്പിക്കുന്നതു പോലെ തോന്നും. "സാറാ.... ഇതിലെ ചുളിവുകളൊന്നും പോയില്ലല്ലോ അമ്മച്ചീ....!" "എന്റെ

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

Item Code: 950 Participant Code: 113

"പേഴ്സെവിടെ ? അതും നീ എടുത്തോ?" ഇരുട്ട് പിടിച്ച
മുറിയിലെ ആ മൃഗമുരൾച്ച വേരുകളഞ്ഞ വെള്ളത്തിന്റെ
വയറു പോലെ സാറയിൽ ഭ്രാന്ത് വളർത്തിക്കൊണ്ടിരുന്നു.
"അമ്മാ... തൂക്കിപ്പോയാച്ചാ... ഇത് വന്ത് ലാസ്റ്റ് സ്റ്റേഷൻ."
അവൾ ചിന്തകളിൽ നിന്നും മെല്ലെ പിടഞ്ഞെഴുന്നേറ്റു.
കരുവാളിച്ച മുഖത്തിലെ പാതിഭാഗം അഴിഞ്ഞു വീണ നീല
ഷാളിന്റെ തൊങ്ങലുകൾ കൊണ്ട് അവൾ തുടച്ചുമാറ്റി. ഒരു
നിമിഷവും പൊട്ടിപ്പോകാതെയായിരുന്ന കാലുകൾ വേച്ചു വേച്ചു സാറ
നടന്നു. കറുപ്പും വെളുപ്പും വസ്ത്രങ്ങൾ ധരിച്ച പ്രേതാത്മാക്കൾ
അവിടെ മുഴുവൻ അലഞ്ഞുതിരിഞ്ഞു കൊണ്ടിരുന്നു.
പൊളിഞ്ഞുവീഴാറായ ഒരു ചിറമങ്ങിയ മരക്കസേരയിൽ അവൾ
ഇരിപ്പുറപ്പിച്ചു.

"സാറ... മിസ് സാറ ജോൺ ജേക്കബ്"... കാറിനു-
മേറിയ പേരിന്റെ തീവ്രത അവളെ ഉറക്കത്തിൽ നിന്നും
ഞെട്ടിയുണർത്തി. "അടുത്തത് നിങ്ങളുടെ കേസാണ്.
വക്കീൽ അന്വേഷിക്കുന്നുണ്ട്." എഴുന്നേൽക്കാൻ ശ്രമിക്കു-
ന്തോറും കസേര തന്നെ കൂടുതൽ ആഴങ്ങളിലേക്ക് വലിക്കു-
ന്നതുപോലെ അവൾക്ക് തോന്നി. വേരു കളഞ്ഞ വെള്ളിനെ
പോലെ ഇരുട്ടു പിടിച്ച വരാന്തകളിലൂടെ സാറ പരതി

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

61st Kerala State School Kalolsavam - Jan 03 To 07, 2023

Kozhikode

Item Code: 950 Participant Code: 113

ഭ്രാന്തി നടന്നു. കേസ് ഫയലുകളുടെ ഒരുതരം ദ്രവിച്ച
മണം മനസ്സിൽ നനഞ്ഞ പഞ്ഞിച്ചുരുളുപോലെ തങ്ങി
തൂങ്ങി. ഏതോ പാപം ചെയ്ത ശാപജന്മത്തെപോലെ
അവൾ കോടതിക്കൂട്ടിൽ കയറി നിന്നു. ഒരു വശത്ത്
ഏതു നിമിഷവും തകർന്നുപോയേക്കാവുന്ന മനസ്സിൽ
ചാച്ചനും. അമ്മച്ചിയും. ഒരു വലിയ കാർമേഘം മുഴുവൻ
അമ്മച്ചിയുടെ മുഖത്ത് കട്ടപിടിച്ചിരുന്നു. ~~സാറ... നിങ്ങളും~~
ഏതാണ്ട് അർത്ഥശൂന്യതയിൽ മാത്രമുണ്ടാകുന്ന ഒരുതരം തലവേദന
അവളെ പിടിച്ചുകുലുക്കിക്കൊണ്ടിരുന്നു.

“സാറ... നിങ്ങളും ജോൺ ജേക്കബ് എന്നു പറയുന്ന
ഇയാളും തമ്മിലുള്ള ബന്ധം എന്താണ്?” വക്കീൽ ചോദിച്ചു
അവനാരായിരുന്നു”? സാറ തന്റെ ശുഷ്കിച്ച കൈത്തടങ്ങൾ
കൊണ്ട് വലിയ മാറിടത്തിലെ താലിമാലയെ പരതി. അതൊരു
ചോദ്യചിഹ്നമായി വളഞ്ഞുതുടങ്ങി. ഓർമ്മകൾ രോമങ്ങളെ
കുത്തിപ്പറിച്ചുകൊണ്ടിരുന്നു. അത് ദേഹമാകെ മുറിവേൽ-
പ്പിച്ചുകൊണ്ടിരുന്നു. ഓർമ്മകൾക്ക് എന്തൊരു ദുർഗന്ധമാണ്!

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)